Media Commission
Diocese Of Idukki


ഇടുക്കി രൂപതാ മുഖപത്രം

# ഇടയൻ

വാല്യം : 6 ലക്കം : 1 ജനുവരി 2023

## പോപ്പ് എമിരിറ്റസ് ബെനഡിക്ട് XVI

**(1927 ഏപ്രിൽ 16-
2022 ഡിസംബർ 31)**





# പണ്ഡിതനായ വലിയ മുക്കുവൻ

ബെനഡിക്ട് പതിനാറാമന്റെ ദൈവശാസ്ത്രപാണ്ഡിത്യം വർഷങ്ങളോളം നീണ്ട പഠനത്തിലൂടെയും അജപാലനത്തിലൂടെയും വത്തിക്കാനിലെ അനുഭവങ്ങളിലു ടെയും വളർന്നതാണ്. 1927 ഏപ്രിൽ 16-ന് ജർമ്മനിയിൽ പോലീസ് ഉദ്യോഗസ്ഥന്റെ മകനായിട്ടായിരുന്നു അദ്ദേ ഹത്തിന്റെ ജനനം. നാസി വിരുദ്ധനായിരുന്ന പിതാവ് 1937-ൽ ജോലിയിൽ നിന്നും വിരമിച്ചു. 1941-ൽ 14 വയസ് തികഞ്ഞപ്പോൾ നിയമപരമായി അഡോൾഫ് ഹിറ്റ്ലറുടെ യുവസൈന്യത്തിൽ ചേർന്നെങ്കിലും സജീവ മായി പ്രവർത്തിച്ചില്ല. 1943-ൽ സഹപ്രവർത്തകർക്കൊപ്പം മ്യൂണിക്കിൽ നിയോഗിക്കപ്പെട്ടു.

1945-ൽ സഹോദരനൊപ്പം സെമിനാരിയിൽ ചേർന്നു. 1951 ജൂൺ 29-ന് മ്യൂണിക്കിലെ കർദിനാൾ ഇരുവരെ യും വൈദികരായി വാഴിച്ചു. മ്യൂണിക് യൂണിവേഴ്സിറ്റിയിൽ നിന്ന് തിയോളജിയിൽ ഡോക്ടറേറ്റ് നേടി. 1959 മുതൽ 1963-വരെ ബോൺ സർവകലാശാലയിലെ പ്രഫസറായിരുന്നു. 1966-ൽ ടുബിൽ ജൻ സർവകലാശാലയിൽ ചേർന്നു. 1969-ൽ റോസൻബർഗ് സർവകലാ ശാലയിൽ ഡോഗ്മ പ്രഫസറായി നിയമിതനായി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ പങ്കെടുത്തു. അതിനുശേഷം നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. 1909-ൽ അന്തർദേശീയ ദൈവശാസ്ത്ര കമ്മീഷൻ അംഗമായി നിയമിതനായി.

പോൾ ആറാമൻ മാർപാപ്പ 1973-ൽ അദ്ദേഹത്തെ മ്യൂണിക്കിലെ ആർച്ച് ബിഷപ്പായി അവരോധിച്ചു. ഒരു വർഷത്തിനുശേഷം കർദിനാളായി ഉയർത്തി. 1981 നവം ബർ 25-ന് വിശ്വാസതിരുസംഘം തലവനായി നിയമിതനായി. 2002-ൽ കർദിനാൾ തിരുസംഘത്തിന്റെ ഡീൻ ആയി ഉയർത്തപ്പെട്ടു. 2005 ഏപ്രിൽ 19നായിരുന്നു 10 കോടിയോളം വരുന്ന ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷ പദവിയിലേക്ക് ദൈവം അദ്ദേഹത്തെ ഉയർത്തിയത്. ലോകത്തെ മുഴുവൻ അത്ഭുതപ്പെടുത്തിക്കൊണ്ട് 2013 ഫെബ്രുവരി 28നായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനത്യാഗം.




## ഇടുക്കി രൂപതയിൽനിന്നും 15 നവ വൈദികർ ബലിവേദിയിലേക്ക്


ഫാ. ജോർജ്
പുല്ലാനിതുണ്ടത്തിൽ
പാലാർ, ഇടുക്കി രൂപത


ഫാ. മാത്യു
പഴൂക്കുടിയിൽ
മാങ്കുളം, ഇടുക്കി രൂപത



ഫാ. സെബാസ്റ്റ്യൻ
കൈതാരം
കോമ്പയാർ, ഇടുക്കി രൂപത


ഫാ. ജോർജ് കായംകാട്ടിൽ
കരിക്കിൻതോളം,
ഇടുക്കി രൂപത


ഫാ മാത്യു
പുളിയാങ്കൽ
സ്നേഹഗിരി, ഇടുക്കി രൂപത


ഫാ. ആന്റണി
പുത്തൻപുരയ്ക്കൽ MCBS
ചെമ്പകപ്പാറ


ഫാ. ആന്റണി
വരിക്കിക്കൽ MST
പാറത്തോട്



ഫാ. ജോസഫ്
മരുതുംകുഴിയിൽ MST
പാറത്തോട്


ഫാ. ആന്റണി
കള്ളികാട്ട് CST
പഴയരിക്കണ്ടം


ഫാ. ഫിലിപ്പ്
പനമൂട്ടിൽ CST
തൊവരയാർ


ഫാ. ജോസഫ്
ചുണ്ടയ്ക്കൽ, പെരിഞ്ചാംകുട്ടി,
ഷംഷാബാദ് രൂപത


ഫാ. ജിയോ
കൊല്ലംപറമ്പിൽ CST
തട്ടേക്കണ്ണി


ഫാ. ജോർജ്
കുമ്പിളിവേലിൽ MCBS
ഇരട്ടയാർ


ഫാ. ജോസഫ്
അനക്കല്ലിൽ MST
ഈട്ടിത്തോപ്പ്


ഫാ. തോമസ്
കാരക്കുന്നേൽ, കുരിശുപാറ
ചാന്ദാ രൂപത

*എഡിറ്റോറിയൽ*

# രൂപത ഒരു സ്നേഹകുടുംബം

രാത്രിയുടെ യാമങ്ങളിൽ ഇരുട്ടിനെ വകഞ്ഞു മാറ്റി കടന്നുപോകുന്ന യാത്രികൻ കൈവെള്ളയിൽ സൂക്ഷിച്ചിരിക്കുന്ന തിരുനാളം അണയാതിരിക്കാൻ എത്രയോ ശ്രദ്ധയോടെയാണ് അതിന് മറതീർത്തിരിക്കുന്നത്. ഈ ശ്രദ്ധയ്ക്കും ജാഗ്രതയ്ക്കും കാരണം തിരിനാളമണഞ്ഞു പോയാൽ താൻ ഇരുട്ടിലാകും എന്നുള്ള ബോധ്യമാണ്. മിഴികളിൽ ഇനിയും ഇരുട്ട് പരന്നാൽ ഉാകാൻ പോകുന്ന അപകടം ഒന്നുകിൽ യാത്ര പാതിവഴിയിൽ മുറിയും അല്ലെങ്കിൽ തന്റെ വഴിയുടെ ദിശ മാറിപ്പോകും. രണ്ടും ഒരുപോലെ അപകടമാണ്. ഒരു ദേശത്തിന്റെ പീഠത്തിന്മേൽ ഉയർത്തിയ വിളക്കാണ് രൂപത. വിളക്ക് അണയാതിരുന്നാൽ അത് നാടിന്റെ വെളിച്ചമാണ്. അണയാതിരിക്കാൻ രൂപതയാകുന്ന കുടുംബത്തിലെ അംഗങ്ങളെല്ലാം  തോളോട് തോൾ ചേർന്ന് കോട്ട തീർക്കണം. കോട്ടയ്ക്ക് വിള്ളൽ വീണാൽ അതിന്റെ പഴുതുകളിലൂടെ കാറ്റൂതാൻ സാധ്യതയുണ്ട്. ആ കാറ്റിന്റെ പ്രഹരമേറ്റ് വിളക്ക് കെട്ടുപോയെന്നും വരാം. അതിനു ഉണ്ടാക്കേണ്ട അടിസ്ഥാനപരമായ ചിന്ത നമ്മൾ ഒരു കുടുംബമാണ് എന്നുള്ള ബോധ്യമാണ്.

കുടുംബങ്ങളുടെ ബലം ബന്ധങ്ങളുടെ കരുത്തുറ്റ കണ്ണിയാണ്. കണ്ണിയറ്റു പോയാൽ ബന്ധങ്ങൾ താറുമാറാകും. കൂടപ്പിറപ്പിന് അത്യാഹിതം ഉണ്ടാകുമ്പോൾ  നെഞ്ച് ആളുന്നതും മിഴി നിറയുന്നതും  ബന്ധങ്ങളുടെ കണ്ണികൾക്ക് കരുത്തുള്ളതുകൊാണ്. വിശ്വാസ സമൂഹത്തിനിടയിൽ ഇത്തരത്തിലുള്ള ബന്ധങ്ങളുടെ കണ്ണിയടുപ്പങ്ങൾ ഉണ്ടാകുമ്പോഴാണ് രൂപതയാകുന്ന പ്രാദേശിക സഭയ്ക്ക് വളർച്ചയുാകുന്നത്. ബന്ധങ്ങൾ വളരാനുള്ള അടിസ്ഥാന കാരണം സ്നേഹത്തിൽ വേരുപാകുക എന്നതാണ്. സുവിശേഷത്തിൽ ഈശോ ഓർമിപ്പിക്കുന്നതുപോലെ നിങ്ങളുടെ പരസ്പരമുള്ള സ്നേഹം മനുഷ്യരെന്നെ തിരിച്ചറിയാൻ ഇടവരണം. സ്നേഹത്തിലുള്ള ആഴപ്പെടലും സ്നേഹത്തിന്റെ പ്രചരണവും പ്രഘോഷണവും ആണ് വിശ്വാസ ജീവിതത്തിന്റെ മൂലക്കല്ല്. സഭയിൽ കുടുംബ കൂട്ടായ്മകളുടെ പ്രസക്തി ഇവിടെയാണ്. വ്യക്തികൾ തമ്മിലുള്ള ബന്ധം കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മയും ഇടവകകളുടെ പുരോഗതിക്കും വഴിയൊരുക്കുന്നു.

ഹൈറേഞ്ചിൽ കുടിയേറ്റത്തിന്റെ കാലം മുതൽ വികസനത്തിന്റെ കുതിപ്പ് ദൈവാലയ കേന്ദ്രീകൃതമായിരുന്നു. ഭൂരിഭാഗം സ്ഥലങ്ങളും രൂപപ്പെട്ടതുപോലും ദൈവാലയ രൂപീകരണവുമായി ബന്ധപ്പെട്ടാണ്. നമ്മുടെ നാട്ടിൽ ജനങ്ങളുടെ സർവോൽമുഖമായ വളർച്ചയ്ക്കും പുരോഗതിക്കും രൂപതയാകുന്ന പ്രാദേശിക സഭ വഹിച്ച പങ്ക് വലുതാണ്. വളർച്ചയുടെ പ്രധാന കാരണം  രൂപത ഒരു കുടുംബമാണ് എന്ന വികാരത്തോടെ വിശ്വാസ സമൂഹം ആത്മീയ നേതൃത്വത്തോട് ചേർന്ന് ഒരു കുടക്കീഴിൽ അണിഞ്ഞിരുന്നതുകൊാണ്. അഭിഭക്ത കോതമംഗലം രൂപത കുടിയേറ്റക്കാർ അധിവസിച്ചിരുന്ന ഈ ഹൈറേഞ്ചിന്റെ  മലമടക്കുകളിൽ വിദ്യാഭ്യാസപരമായും ആരോഗ്യപരമായും സാമൂഹ്യപരമായും നടത്തിയ വികസന കുതിപ്പ് ചെറുതല്ല. ഇടുക്കി ജില്ലയിലെ മലയോരപ്രദേശം ഉൾപ്പെടുന്ന ഇടവകകൾ കോർത്തിണക്കി ഇടുക്കി രൂപത സ്ഥാപിക്കുമ്പോഴും ലക്ഷ്യം, ഇവിടെ വസിക്കുന്ന ആളുകളുടെ സർവ്വതോന്മകമായ വളർച്ചയായിരുന്നു. രൂപത സ്ഥാപിതമായി രു പതിറ്റാുകൾ പിന്നിടുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരുടെ ആത്മീയവും ഭൗതികവുമായ വളർച്ചയാണ് ഈ പ്രാദേശിക സഭയുടെ ലക്ഷ്യം. ആ ലക്ഷ്യം വേഗത്തിൽ പൂവണിയുന്നത് രൂപതാദ്ധ്യക്ഷനും  വൈദികരും സമർപ്പിതരും വിശ്വാസ സമൂഹവും ചേരുന്ന വലിയ കുടുംബത്തിലെ അംഗങ്ങളാണ് നമ്മൾ എന്നുള്ള തിരിച്ചറിവാണ്. ഒരു പ്രാദേശിക സഭയുടെ കരുത്തുള്ള പതിപ്പ് രൂപതയാണ് കുടുംബാംഗങ്ങൾ ഒരേ ഹൃദയ വികാരത്തോടെ  ഒരുമിച്ച് നിന്നാൽ വലിയ ശക്തിയാണ്. നാൾക്കുനാൾ നമ്മൾ ഒരുമിച്ച് നിന്ന് ഇങ്ങനെ ശക്തിയാർജിച്ചാൽ നമ്മളിൽ ആരും തളർന്നു പോകില്ല. ഒന്നിച്ച് നിന്ന് ശക്തിയാർജ്ജിക്കാത്തതുകൊാണ് ഒറ്റപ്പെട്ടുപോയി തളർന്നുവീഴുന്നത്. സ്വയം ക്ഷയിക്കാതിരിക്കാനും അപരൻ തളർന്നു പോകാതിരിക്കാനുമുള്ള ജാഗ്രതയാണ് കുടുംബബന്ധങ്ങളുടെ നന്മ. കാരണം ചേർന്നു നിൽക്കുന്നവരെല്ലാം കൂടപ്പിറപ്പാണ്  എന്ന ബോധ്യം നമ്മിൽ രൂപപ്പെടുന്നു.

രണ്ടു പതിറ്റാിന്റെ സുകൃതവും പേറിയുള്ള നമ്മുടെ രൂപതാ കുടുംബത്തിന്റെ യാത്ര പുതിയൊരു തലത്തിലേക്ക് പ്രവേശിക്കുന്നതിന്റെ സൂചനയാണ് ദിശാബോധത്തോടെയുള്ള കർമ്മ പദ്ധതികൾ രൂപപ്പെടുന്നു എന്നുള്ളത്. രൂപത അസംബ്ലിയെക്കുറിച്ചും രൂപതാ ദിനാചരണത്തെക്കുറിച്ചുള്ള ചിന്തകൾ പ്രവർത്തിപഥത്തിലേക്ക് വഴിമാറുന്നു. കുടുംബ ബന്ധങ്ങൾ കരുത്ത് ആർജിക്കാനും ഇടവക പ്രവർത്തനങ്ങൾ ചടുലമാകാനും രൂപത കരുത്താർജിച്ച സംവിധാനമായി രൂപാന്തരപ്പെടാനും ഇത് കാരണമാകും എന്നാണ് പ്രത്യാശിക്കുന്നത്. ഒന്നിച്ചു നടക്കാനും ചേർത്തു പിടിക്കാനും പടുത്തുയർത്താനും പ്രോത്സാഹിപ്പിക്കാനും ഈ ബൃഹത് പദ്ധതികൾക്ക് സാധിക്കും.

നാവിലും മനസ്സിലും ഹൃദയത്തിലും ഈ ചിന്ത നമുക്ക് കോറിയിടുകയും കൈമാറുകയും ചെയ്യാം. ''ഞാൻ ഒറ്റയ്ക്കല്ല, നമ്മൾ ഒന്നാണ്, ഒരു കുടുംബമാണ്...''

# കാട്ടിലെ മൃഗത്തെ പേടിച്ച് നാട്ടിൽ ഒരു ജനത

അനിയന്ത്രിതമായി പെറ്റുപെരുകി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന ജീവികളെ എന്തുചെയ്യണം? കൊന്നൊടുക്കുകയാണു പല വിദേശ രാജ്യങ്ങളിലെയും രീതി. ഇന്ത്യയിലെ മറ്റു ചില സംസ്ഥാനങ്ങളിലും ഇതിന് ഉദാഹരണങ്ങളുണ്ട്. മഹാരാഷ്ട്രയിലും ഗുജറാത്തിലും നീൽഗായ്, കാട്ടുപന്നി എന്നീ ജീവികളെ ക്ഷുദ്രജീവികളുടെ പട്ടികയിൽപെടുത്തിയിരുന്നു.

ബിഹാർ, ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നീൽഗായ്, കുരങ്ങ്, കാട്ടുപന്നി എന്നിവയെ നിശ്ചിത കാലയളവിലേക്കു ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചു. ഫിൻലൻഡ്, നോർവെ, സ്വീഡൻ തുടങ്ങിയ രാജ്യങ്ങൾ വംശവർധന തടയാനായി ചെന്നായ്ക്കളെ കൊന്നൊടുക്കുന്നു. കങ്കാരുവിനെ വെടിവച്ചുകൊല്ലാൻ ഓസ്ട്രേലിയ പൗരന്മാർക്ക് അനുമതി നൽകിയിട്ടുണ്ട്.

വന്യമൃഗങ്ങളുടെ ശല്യം അതിരൂക്ഷമാകുകയും അവ അനിയന്ത്രിതമായി പെറ്റുപെരുകുകയും ചെയ്യുമ്പോഴാണ് അവയെ കൊന്നൊടുക്കാറ്. കൊന്നൊടുക്കാ നുള്ള ജീവികളെ ക്ഷുദ്രജീവി (വെർമിൻ) ആയി പ്രഖ്യാപിക്കുകയാണ് ആദ്യപടി. എന്നാൽ, ഇന്ത്യയിൽ വന്യജീവി സംരക്ഷണനിയമം ഡിസംബറിൽ കർശനവ്യവസ്ഥകളോടെ ഭേദഗതി ചെയ്തതിനാൽ  വന്യജീവികളെ വെർമിൻ ആയി പ്രഖ്യാപിക്കൽ നടപടി ഏറെ സങ്കീർണമാകും.

## ആവശ്യമെങ്കിൽ കൊല്ലാം

ആവശ്യമെങ്കിൽ വന്യജീവികളെ വെടി വച്ചു കൊല്ലാൻ ഉത്തരവിടാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻമാർക്കുണ്ട്. തുരത്താനോ മയക്കുവെടി വച്ചോ കൂടു വച്ചോ പിടികൂടാനോ പരമാവധി ശ്രമിച്ചിട്ടും സാധിക്കുന്നില്ലെങ്കിലാണ് വെടിവച്ചു കൊല്ലാൻ ഉത്തരവിടുക. എന്നാൽ, ഉത്തരവ് നടപ്പാക്കുമ്പോൾ ദേശീയ കടുവാ സംരക്ഷണ അതോറിറ്റിയുടെ മാർഗനിർദേശങ്ങൾ പാലിക്കേണ്ടതുണ്ട്. ഉത്തരവിടുന്നതിന് മുൻപ് അവരുടെ അനുമതിയും വാങ്ങണം.

വന്യജീവി സംരക്ഷണ നിയമത്തിലെ ഷെഡ്യൂൾ ഒന്നിൽപെട്ട മൃഗമാണ് കടുവ. പോരാത്തതിന് ദേശീയമൃഗവും. ഭക്ഷിക്കാൻ വേണ്ടി മനുഷ്യരെ കൊല്ലുന്ന കടുവകളെയാണ് ദേശീയ കടുവാ സംരക്ഷണ അതോറിറ്റി നരഭോജി എന്ന ഗണത്തിൽ പെടുത്തിയിട്ടുള്ളത്. മറ്റു സാഹചര്യങ്ങളിൽ മനുഷ്യരെ ആക്രമിക്കുന്ന കടുവകൾ നരഭോജികൾ ആകണമെന്നില്ലെന്നാണ് നിരീക്ഷണം.

## കാട്ടുപന്നിയെ കൊല്ലുമോ?

മനുഷ്യരുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിൽ പെറ്റുപെരുകുന്ന വന്യജീവികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ചു വെടിവച്ചുകൊല്ലണമെന്നാണു കർഷകരുടെ ആവശ്യം. എന്നാൽ, 1972ലെ വന്യജീവി സംരക്ഷണനിയമം സെക്ഷൻ 62 പ്രകാരം കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന കേരളത്തിന്റെ ശുപാർശ കേന്ദ്രം തള്ളി. ആന കഴിഞ്ഞാൽ കൃഷിയിടങ്ങളിൽ ഏറ്റവുമധികം ഭീഷണിയുയർത്തുന്ന ജീവിയാണു കാട്ടുപന്നി. വയനാട്ടിൽ 38 വില്ലേജുകൾ കാട്ടുപന്നി ഹോട്സ്പോട്ടുകളാണ്. എന്നാൽ, കാട്ടുപന്നികൾ സ്വര്യവിഹാരം നടത്തുന്ന പല പ്രദേശങ്ങളും ഹോട്സ്പോട്ട് പട്ടികയിൽ ഇല്ലെന്ന വിമർശനം ഉയരുന്നു.

കുരങ്ങ്, മാൻ എന്നിവയുടെ എണ്ണവും വർധിക്കുകയാണ്. അടുത്തൊന്നും വനമില്ലാത്ത ഗ്രാമങ്ങളിലും കുരങ്ങന്മാർ കൂട്ടത്തോടെ എത്തി കൃഷി നശിപ്പിക്കുന്നു. ഇതിനിടെയാണ് മറ്റു ജില്ലകളിലെ ജനവാസകേന്ദ്രങ്ങളിൽനിന്നു പിടികൂടുന്ന കുരങ്ങുകളെ വയനാടൻ കാടുകളിൽ വനംവകുപ്പ് തുറന്നുവിടുന്നത്.

## ഇനി ക്ഷുദ്രജീവികളേ ഇല്ല!

അപകടകാരികളായ കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലാൻ തദ്ദേശസ്ഥാപനങ്ങൾക്കു സംസ്ഥാന സർക്കാർ അധികാരം നൽകിയെങ്കിലും മേനക ഗാന്ധിയെപ്പോലുള്ള പരിസ്ഥിതി പ്രവർത്തകർ വലിയ എതിർപ്പ് ഉയർത്തുകയും ചെയ്യുന്നു. ഹോട്സ്പോട്ട് പട്ടികയിലില്ലാത്ത വില്ലേജുകളിൽ കാട്ടുപന്നിയെ വെടിവച്ചുകൊല്ലുന്നതു  നിയമപ്രശ്നങ്ങൾക്കുമിടയാക്കും.  ക്ഷുദ്രജീവികൾക്കുള്ള ഷെഡ്യൂൾ അഞ്ചിലേക്കു മാറ്റിയാലേ ഇവയെ കൊല്ലാനാകൂ.

എന്നാൽ, വന്യജീവി സംരക്ഷണനിയമത്തിലെ പുതിയ ഭേദഗതി പ്രകാരം ഷെഡ്യൂൾ 5 പൂർണമായി ഇല്ലാതായിരിക്കുന്നു. കാട്ടുപന്നികളെ ഷെഡ്യൂൾ 3ൽനിന്നു രണ്ടിലേക്കു മാറ്റുകയും ചെയതു. കാട്ടുപന്നികളെ കൊന്നൊടുക്കുന്നത് ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുമെന്നാണു കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വാദം.

വന്യജീവികൾക്ക് അതീവ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ് നിയമങ്ങൾ. എന്നാൽ കുടിയേറ്റകാലത്തെ അതിശയിപ്പിക്കുന്ന വന്യമൃഗ ശല്യമാണിപ്പോൾ നാട്ടിലുള്ളത്. മനുഷ്യ ജീവന് സുരക്ഷ ഉറപ്പാക്കാനുള്ള നിയമ സംവിധാനങ്ങൾ രൂപപ്പെട്ടേണ്ട കാലം അതിക്രമിച്ചു. കാട്ടുമൃഗങ്ങൾ വനത്തിൽ സ്വര്യവിഹാരം നടത്തട്ടെ. ജനവാസ മേഖലയിൽ കടന്നാൽ അത് ഏത് വിധേനയും നിയന്ത്രിക്കപ്പെടണം.

CAREER CORNER

# അനന്തസാധ്യതകളുടെ വിശാല ജാലകം തുറന്ന് ബിരുദതല സയൻസ് പഠനം.





• ബിബിൻ മോൻ വർഗീസ്
62 82 77 65 83

മെഡിക്കൽ / എൻജിനീയറിങ് മേഖലകൾ ഉൾപ്പെടെ വ്യത്യസ്തമായ അനന്തസാധ്യതകളുടെ വിശാലജാലകം തുറക്കുന്ന പഠന മേഖലയാണ് സയൻസ് രംഗം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജി (ഐ.ഐ.ടി.), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്സ് ഓഫ് ടെക്നോളജി (എൻ.ഐ.ടി.) ഉൾപ്പെടെയുള്ള ഒട്ടേറെ ദേശീയ സ്ഥാപനങ്ങളിൽ സയൻസ് പഠനത്തിന് സാധ്യതകളേറെയാണ്, ഇത്തരം മികച്ച സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടുന്നതിനായി പ്രവേശനപരീക്ഷയുണ്ട്, ഇത്തരത്തിൽ സയൻസ് ഉപരിപഠന രംഗത്തെ ഇന്ത്യയിലെ മികച്ച സ്ഥാപനങ്ങളും പ്രവേശന പരീക്ഷകളും നമുക്കൊന്ന് പരിചയപ്പെടാം.

## ഐ.ഐ.എസ് സി. ബി.എസ്. (റിസർച്ച്)

ബെംഗളൂരു ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ (ഐ.ഐ.എസ്‌സി.) നാലുവർഷ ബി.എസ്. (റിസർച്ച്) പ്രോഗ്രാം പ്രവേശനത്തിന് ജെ.ഇ.ഇ. മെയിൻ (പേപ്പർ1)/ജെ.ഇ.ഇ. അഡ്വാൻസ്ഡ് ചാനലുകൾ വഴി പ്രവേശനം നേടാം. നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റ് (നീറ്റ്) യു.ജി. ചാനൽ വഴിയും പ്രവേശനമുണ്ട്. മേജർ വിഷയങ്ങൾ: ബയോളജി, കെമിസ്ട്രി, എൻവയൺമെൻറൽ സയൻസ്, മെറ്റീരിയൽസ്, മാത്തമാറ്റിക്സ്, ഫിസിക്സ്. ഗവേഷണത്തിൽ തുടരാൻ താത്പര്യമുള്ളവർക്ക് ചേരാം. വിവരങ്ങൾക്ക്: iisc.ac.in/admissions/

## മഹാത്മാഗാന്ധി സർവകലാശാല കാറ്റ്

കോട്ടയം എം.ജി. സർവകലാശാലാ ഇൻറഗ്രേറ്റഡ് മാസ്റ്റർ ഓഫ് സയൻസ് പ്രോഗ്രാമുകളിലെ പ്രവേശനത്തിനും ബാധകമായ പരീക്ഷയാണ് കോമൺ അഡ്മിഷൻ ടെസ്റ്റ് (കാറ്റ്). വിഷയങ്ങൾ: കെമിസ്ട്രി, ഫിസിക്സ്, ലൈഫ് സയൻസസ്, കംപ്യൂട്ടർ സയൻസ്, എൻവയൺമെൻറൽ സയൻസ്. വിവരങ്ങൾക്ക്: cat.mgu.ac.in

## കാലിക്കറ്റ് സർവകലാശാല കാറ്റ്

കാലിക്കറ്റ് സർവകലാശാലാ ഇൻറഗ്രേറ്റഡ് എം.എസ്സി. പ്രോഗ്രാമുകളിലെ പ്രവേശനത്തിന് കോമൺ അഡ്മിഷൻ ടെസ്റ്റ് അഭിമുഖീകരിക്കണം. ബയോസയൻസ്, ഫിസിക്സ് കെമിസ്ട്രി എന്നീ ഇൻറഗ്രേറ്റഡ് എം.എസ്സി. പ്രോഗ്രാമുകളിലെ പ്രവേശനം ഇതുവഴിയാണ്. വിവരങ്ങൾക്ക്: admission.uoc.ac.in



## ഐസർ ബി.എസ്.-എം.എസ്. ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് (ഐസർ) ബർഹാംപുർ, ഭോപാൽ, കൊൽക്കത്ത, മൊഹാലി, പുണെ, തിരുവനന്തപുരം, തിരുപ്പതി എന്നിവിടങ്ങളിലുണ്ട്. അഞ്ചുവർഷ ബി.എസ്.-എം.എസ്. ഡ്യുവൽ ഡിഗ്രി പ്രോഗ്രാം, നാലുവർഷ ബി.എസ്. പ്രോഗ്രാമുകളിലേക്ക് സ്റ്റേറ്റ് - സെൻട്രൽ ബോർഡ് (എസ്.സി.ബി.) ചാനൽ വഴി പ്രവേശനത്തിനുള്ള പരീക്ഷയാണ് ഐസർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്. ജെ.ഇ.ഇ. അഡ്വാൻസ്ഡിൽ ജനറൽ/കാറ്റഗറി പട്ടികകളിൽ 15,000 ത്തിനകത്ത് റാങ്കുള്ളവർക്കും പ്രവേശനം തേടാം.

പ്രോഗ്രാമുകൾ: ബയോളജിക്കൽ, കെമിക്കൽ, മാത്തമാറ്റിക്കൽ, ഫിസിക്കൽ, ജിയോളജിക്കൽ, എർത്ത് ആൻഡ് എൻവയൺമെൻറൽ/എർത്ത് ആൻഡ് ക്ലൈമറ്റ് സയൻസസ് എന്നിവയിലെ അഞ്ച് വർഷ ബി.എസ്.-എം.എസ്., ബയോളജിക്കൽ, കെമിക്കൽ, മാത്തമാറ്റിക്കൽ, ഫിസിക്കൽ, ഡേറ്റ സയൻസസ് എന്നിവയിൽ ഇൻറഗ്രേറ്റഡ് ഇൻറർഡിസിപ്ലിനറി പ്രോഗ്രാം, ഇക്കണോമിക്സ് സയൻസസ്, എൻജിനിയറിങ് സയൻസ് എന്നിവയിൽ നാലുവർഷ ബി.എസ്. വിവരങ്ങൾക്ക്: www.iiseradmission.in

## കുസാറ്റ് കാറ്റ്

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്), സയൻസിൽ അഞ്ചു വർഷത്തെ ഇൻറഗ്രേറ്റഡ് എം.എസ്സി. പ്രോഗ്രാമുകൾ നടത്തുന്നുണ്ട്. ഫോട്ടോണിക്സ്, കംപ്യൂട്ടർ സയൻസ് (എ.ഐ. ആൻഡ് ഡി.എസ്.), ബയോളജിക്കൽ സയൻസസ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഫിസിക്സ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ പ്രോഗ്രാമുകളിലെ പ്രവേശനം, സർവകലാശാല നടത്തുന്ന കോമൺ അഡ്മിഷൻ ടെസ്റ്റ് (കാറ്റ്) വഴിയാണ്. വിവരങ്ങൾക്ക്: admissions.cusat.ac.in

## എൻ.സി.ഇ.ആർ.ടി. കോമൺ എൻട്രൻസ് എക്സാമിനേഷൻ

നാഷണൽ കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ്ങിന്റെ (എൻ.സി.ഇ.ആർ.ടി.) കീഴിൽ അജ്മേർ, ഭുവനേശ്വർ, ഭോപാൽ, മൈസൂരു, ഷില്ലോങ് എന്നിവിടങ്ങളിലെ റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൻ (ആർ.ഐ.ഇ.), നടത്തുന്ന നാലു വർഷ ഇന്റഗ്രേറ്റഡ് ബി.എസ്സി.-ബി.എഡ്.; മൈസൂരു കേന്ദ്രത്തിൽ മാത്രം നടത്തുന്ന ഫിസി ക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ആറു വർഷ ഇന്റഗ്രേറ്റഡ് എം.എസ്സി.-എഡ്. എന്നിവയിലെ പ്രവേശനത്തിന്. വിവരങ്ങൾക്ക്: cee.ncert.gov.in

## ബിറ്റ്സാറ്റ്

ബിർള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസ് നടത്തുന്ന പ്രവേശന പരീക്ഷയാണ് ബിറ്റ്സാറ്റ്. സയൻസ് പഠനത്തിനും അവസരമൊരുക്കുന്നു. പിലാനി, ഹൈദരാബാദ്, ഗോവ കാമ്പസുകളിലായി, ബയോളജിക്കൽ സയൻസസ്, കെമിസ്ട്രി, ഇക്കണോമിക്സ്, മാത്തമാറ്റിക്സ്, ഫിസിക്സ്, ജനറൽ സ്റ്റഡീസ് എന്നീ ഇന്റഗ്രേറ്റഡ് എം.എസ്സി. പ്രോഗ്രാമുകൾ ലഭ്യമാണ്. വിവരങ്ങൾക്ക്: www.bitsadmission.com

# കരുണ ആനിമേഷൻ സെന്ററിന്റെ ഉദ്ഘാടനം

നെടുങ്കണ്ടത്ത് സജ്ജമാക്കിയിരിക്കുന്ന കരുണ ആനിമേഷൻ സെന്ററിന്റെയും ഡിവൈൻ മേഴ്സി ചാപ്പലിന്റെയും വെഞ്ചരിപ്പും പ്രവർത്തന ഉദ്ഘാടനവും 2023 ഫെബ്രുവരി പതിനൊന്നാം തീയതി (ശനി) ഉച്ചകഴിഞ്ഞ് 3:00 മണിക്ക് നടത്തപ്പെടുന്നു. ഇടുക്കി ഇരുപതാമത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ മുഖ്യകാർമികത്വം വഹിക്കും. ഇരുപതാ വികാരി ജനറാൾ മാരായ മോൺ. ജോസ് പ്ലാച്ചിക്കൽ, മോൺ. അബ്രാഹം പുറയാറ്റ് എന്നിവർ സഹകാർമികരാകും.ധ്യാനം, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതിന് ലക്ഷ്യം വെച്ചാണ് ആനിമേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കിയത്. സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ഡയറക്ടർ ബഹുമാനപ്പെട്ട ജെയിംസ് മാക്കിയിലച്ചനാണ്. ഇവിടെ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പ്രോഗ്രാമുകൾ നടത്താൻ ആഗ്രഹിക്കുന്നവർക്ക് വിശദവിവരങ്ങൾക്കായി 9526496747 (ഫാ. ജെയിംസ് മാക്കിയിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# ക്രിസ്തുമസ് പുതുവത്സരങ്ങൾ വ്യത്യസ്തമായി ആഘോഷിച്ച് ന്യൂമാൻ എൽ.പി.എസ്



ക്യാൻസർ രോഗികൾക്ക് വേണ്ടി തങ്ങളുടെ മുടികൾ മുറിച്ചു നല്കി ഇടുക്കി ന്യൂമാൻ LPS ലെ കുട്ടികളും, രക്ഷിതാക്കളും, ടീച്ചച്ചേഴ്സും ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സരങ്ങൾ വ്യത്യസ്തമായി ആഘോഷിച്ചു. തൃശൂർ അമല ക്യാൻസർ സെന്ററുമായി ചേർന്നു കൊണ്ട് കേശദാനം സ്നേഹദാനം എന്ന പരുപാടി 22/12/2023 ൽ ഇടുക്കി ന്യൂമാൻ LPS ഓഡിറ്റോറിയത്തിൽ വച്ചു ശ്രീ. സജീവ് പോൾ (PTA പ്രസിഡന്റ്)ന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിനു സി. ഡീന തെരേസ് സ്വാഗതം ആശംസിക്കുകയും ശ്രീ ഡിറ്റാജ് ജോസഫ് (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ) ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു.

ഈ യോഗത്തിൽ കേശദാനം സ്നേഹദാനത്തെ പറ്റിയുള്ള സന്ദേശം ജീവകാരുണ്യ പ്രവർത്തകർ ആയ ശ്രീ. ഷിജു കട്ടപ്പന (പീപ്പിൾ ബ്ലഡ് ഡോണേഷൻ ആർമി PBDA കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ്), ശ്രീ.അനിൽ ഇലവന്തിക്കൽ (സാമൂഹിക പ്രവർത്തകൻ), ശ്രീ. സാം ജേക്കബ് (സാമൂഹിക പ്രവർത്തകർ, ബാംഗ്ലൂർ), എന്നിവർ നടത്തി. ഈ യോഗത്തിന് ആശംസകൾ അറിയിച്ചു ശ്രീ ജിജോ ജോർജ് (വാർഡ് മെമ്പർ) സംസാരിച്ചു. തുടർന്ന് കേശദാനത്തിന് തയ്യാറായി സമ്മതപത്രം ഒപ്പുവച്ച ഡോണർമാരുടെ മുടികൾ ബ്യുട്ടീഷ്യൻ റാണി ജിറ്റോ ക്യാൻസർ രോഗികൾക്ക് നൽകാനായി പകുത്തെടുത്തു. പകുതെടുത്ത മുടികൾ സ്കൂൾ HM സി. സുദീപ പരുപാടിക്ക് നേതൃത്വം നൽകിയ ശ്രീ ഷിജു കട്ടപ്പനക്ക് കുട്ടികളുടെയും അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും സാന്നിധ്യത്തിൽ അമല കാൻസർ സെന്ററിന് നൽകുവാൻ ഏല്പിച്ചു. തുടർന്ന് മുടികൾ ദാനം ചെയ്ത അമ്മമ്മാരെ സിന്ധു (MPTA പ്രസിഡന്റ്) പൊന്നാട അണിയിച്ചു ആദരിച്ചു. ഈ യോഗത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളും, അവരുടെ രക്ഷകർത്താക്കളും, ടീച്ചേഴ്സും കമ്മറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു. അധ്യാപകരായ അമൽ ആന്റണി, അനു ഡോമിനിക്, സിസ്റ്റർ. ഡീന തെരേസ, സി. ക്രിസ്റ്റി എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു ഈ യോഗത്തിന് നന്ദി പറഞ്ഞു കൊണ്ട് സ്കൂൾ H M സി. സുദീപ സംസാരിച്ചു കൊണ്ട് യോഗനടപടികൾ അവസാനിപ്പിച്ചു. കേശദാനത്തിനും രക്തദാനത്തിനും തയ്യാറുള്ളവർ ഷിജു കട്ടപ്പന യുമായി ബന്ധപ്പെടാവുന്നതാണ്. 9447655653

**ക്യാൻസർ രോഗികൾക്ക് വേണ്ടി തങ്ങളുടെ മുടികൾ മുറിച്ചു നല്കി ഇടുക്കി ന്യൂമാൻ LPS ലെ കുട്ടികളും, രക്ഷിതാക്കളും, ടീച്ചച്ചേഴ്സും, ഈ വർഷത്തെ ക്രിസ്തുമസ് പുതുവത്സരങ്ങൾ വ്യത്യസ്തമായി ആഘോഷിച്ചു.**



ക്രിസ്മസിനെ വരവേറ്റുകൊണ്ട് ജോസ്ഗിരി സെ. ജോസഫ്സ് യു. പി. സ്കൂളിലെ കുട്ടികൾ സ്കൂൾ അങ്കണത്തിൽ തീർത്ത ക്രിസ്മസ് നക്ഷത്രം...



***മിഷൻ ക്വസ്റ്റി'ൽ ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച രൂപതയ്ക്കുള്ള സമ്മാനം അഭി. പിതാവ് മേജർ ആർച്ച്ബിഷപ്പിൽനിന്നും ഏറ്റുവാങ്ങുന്നു.***


## വിവാഹ ഒരുക്ക സെമിനാർ
### ആത്മജ്യോതി
### അടിമാലി

**2023 ഫെബ്രുവരി 3, 4, 5**

**രജിസ്ട്രേഷൻ എല്ലാ മാസവും**
**1,2 തീയതികളിൽ**

9447413328, 8078755919,
6235931254




***കാൽവരിമൗണ്ടിൽ ആരംഭിച്ച ജീവൻ വെളിച്ചെണ്ണ ഫാക്ടറിയുടെ വെഞ്ചരിപ്പ് മാർ ജോൺ നെല്ലിക്കുന്നേൽ നിർവ്വഹിക്കുന്നു.***



'നീയും പോയി അതു പോലെ ചെയ്യുക' മത്തായി 10/37 നെ അടിസ്ഥാനമാക്കി സി.എം. സി. കാർമ്മൽ ഗിരി പ്രോവിൻസ് ഇടുക്കി, രൂപതാ അതിർത്തിക്കുള്ളിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വേണ്ടി നടത്തിയ മൽസരത്തിൽ വിജയികളായവർ പ്രൊവിൻഷ്യലിനോടും, വിദ്യഭ്യാസ കൗൺസിലറിനോടുമൊപ്പം.

# എസ്. ഡി സന്യാസ സമൂഹത്തിന്റെ സാമൂഹ്യ ക്ഷേമ പ്രവർത്തന യൂണിറ്റ് പാണ്ടിപ്പാറയിലേക്കും

എസ് ഡി സന്യാസ സമൂഹത്തിന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന 'സ്വയം സഹായ സംഘ'ത്തിന്റെ (SHG) 136 ആം യൂണിറ്റ് പാണ്ടിപ്പാറ കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു പ്രധാനമായും ആദിവാസി മേഖലകൾ, നിർധനരായ സ്ത്രീകൾ,വിധവകൾ, കുട്ടികൾ, വികലാംഗർ, വൃദ്ധ മാതാപിതാക്കൾ, മാനസിക രോഗികൾ, ലഹരിക്ക് അടിമപ്പെട്ടവർ, തടവറയിൽ കഴിയുന്നവർ, നീതി നിഷേധിക്കപ്പെടുന്നവർ എന്നിവരുടെ ക്ഷേമത്തിനായാണ് എസ്. ഡി സിസ്റ്റേഴ്സ് ഇത്തരം എസ് എച്ച് ജി കൾ വഴി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ കാലയളവിൽ ഏകദേശം രണ്ടായിരത്തോളം കുടുംബങ്ങളിലേക്ക് കടന്നുചെന്ന് ആത്മീയതയിലും മൂല്യാധിഷ്ഠിത ജീവിതത്തിലും അവരെ വളർത്തുന്നതോടൊപ്പം, സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വിവിധ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കാനും കഴിഞ്ഞിട്ടുണ്ട്. മറയൂർ,നാച്ചിവയൽ, വട്ടവട, തോക്കുപാറ, കുരിശുപാറ, എന്നീ സ്ഥലങ്ങളിൽ എസ്. ഡി സഹോദരിമാരുടെ നേതൃത്വത്തിൽ ഇത്തരം സംഘങ്ങൾ വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.



സാന്നിധ്യത്തിൽ കരിമ്പനിൽ പുതുതായി ആരംഭിച്ച ദീപിക സബ് ഓഫീസ് ഉത്ഘാടനം ഇടുക്കി രൂപത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിക്കുന്നു.












ഉദയഗിരി ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരം



ഈട്ടിത്തോപ്പിൽ പുതുതായി നിർമ്മിച്ച എഫ് സി സി മഠത്തിന്റെ വെഞ്ചരിപ്പ്കർമ്മം മാർ ജോൺ നെല്ലിക്കുന്നേൽ നിർവഹിക്കുന്നു




ബഫർ സോണും നിർമ്മാണ നിരോധനവും വന്യജീവി അക്രമവും ഹൈറേഞ്ചിലെ ജനതയുടെ ജീവിതം നാൾക്കുനാൾ കൂടുതൽ ദുസഹമാക്കുന്നു. മണ്ണിൽ അധ്വാനിച്ച് ജീവിതം മുന്നോട്ടു നയിക്കുന്ന കർഷകർ നിലനിൽപ്പിനു വേണ്ടി തെരുവിൽ സമരം നടത്തുന്നു.സംരക്ഷിക്കുമെന്ന് കരുതിയവരൊക്കെ നിശബ്ദരാകുന്ന നാളുകളിൽ കൂടുതൽ ശക്തമായ പ്രതിരോധത്തിന്റെ കോട്ട തീർക്കാൻ കുടിയേറ്റ കർഷകർ നിർബന്ധിക്കപ്പെടുന്നു. കാട്ടാനയോടും വന്യമൃഗങ്ങളോടും പടപൊരുതി കൊടുങ്കാട്ടിൽ കഠിനാധ്വാനം ചെയ്ത് മണ്ണിൽ പൊന്നു വിളയിച്ച കൈ കരുത്തും മനക്കരുത്തും ഉള്ള കുടിയേറ്റ കർഷകൻറെ പിൻതലമുറയുടെ ധർമ്മ സമരത്തെ എല്ലാ കാലത്തും കണ്ടില്ലെന്ന് നടിക്കാൻ അധികാരവൃന്ദങ്ങൾക്കോ ഉദ്യോഗസ്ഥർ മേലാളന്മാർക്കോ ആവില്ല. കർഷകന്റെ അവകാശ പോരാട്ടങ്ങളിൽ ഉയരുന്നആവശ്യങ്ങൾ

***1. ബഫർ സോൺ സീറോയിൽ നിജപ്പെടുത്തുക.***
***2. നിർമ്മാണ നിരോധനം പിൻവലിക്കുക.***
***3.വന്യജീവി ആക്രമത്തിൽ നിന്ന് ജനത്തെ സംരക്ഷിക്കുക.***

വിട്ടുവീഴ്ചകളില്ലാതെ ഈ ആവശ്യങ്ങൾ നേടിയെടുക്കും വരെ സമരമുഖത്ത് കർഷകർ സജീവം ആയിരിക്കും കാരണം ഇത് ഔദാര്യമല്ല അവകാശമാണ്...



മലയോര ജനത വലിയ ആശങ്കയിലാണ്. കൃഷി ഉപജീവനമാർഗമായ കർഷകർ അവരുടെ ഭാവി എന്താകുമെന്ന് നെടുവീർപ്പിടുന്ന സാഹചര്യമാണുള്ളത് ഇടുക്കിയിൽ നിന്നുള്ള ബന്ധപ്പെട്ടവർ ഈ കർഷകരുടെ ആശങ്കകൾ ഉൾക്കൊണ്ട് ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണം. ഈ വിഷയത്തിൽ സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ച് ജനത്തിന്റെ ആശങ്ക പരിഹരിക്കണം.

**മാർ ജോൺ നെല്ലിക്കുന്നേൽ, ഇടുക്കി രൂപത മെത്രാൻ**



കർഷകർ ഇന്ന് സമരമുഖത്താണ്. നിലനിൽപ്പിനു വേണ്ടിയാണ് ഈ ധർമ്മസമരം. ജനിച്ച മണ്ണും അധ്വാനിച്ച കൃഷിയിടവും നഷ്ടപ്പെടുമോ എന്നുള്ള ആശങ്കയിൽ നിന്നാണ് ഈ സമരം. ഈ ധർമ്മസ മരത്തിൽ കർഷകരുടെ പക്ഷത്ത് ഇടുക്കി രൂപത എന്നും ഉണ്ടാകും.

**മോൺ. ജോസ് പ്ലാച്ചിക്കൽ, വികാരി ജനറാൾ, ഇടുക്കി രൂപത**



വന്യജീവികൾക്ക് അതീവ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ് നിയമങ്ങൾ. കാട്ടുമൃഗങ്ങൾ വനത്തിൽ സ്വര്യവിഹാരം നടത്തട്ടെ. ജനവാസ മേഖലയിൽ കടന്നാൽ അത് ഏത് വിധേനയും നിയന്ത്രിക്കപ്പെടണം. കാടിനുള്ളിൽ മനുഷ്യർ കടന്നാൽ നിയന്ത്രിക്കാൻ നിയമവും സംവിധാനങ്ങളുമുണ്ട്. ആ ജാഗ്രത കാടുവിട്ട് കൃഷി ഭൂമിയിൽ എത്തുന്ന വന്യമൃഗങ്ങളെ നിയന്ത്രിക്കുന്നതിലും സർക്കാരും വനം വകുപ്പും കാണിക്കണം. വന്യമൃഗങ്ങളുടെ അക്രമത്തിൽ ആളപായമുണ്ടായാൽ വനം വകുപ്പിനെതിരെ നരഹത്യക്ക് കേസെടുക്കണം.

**ഫാ. ജിൻസ് കാരയ്ക്കാട്ട്, ചീഫ് എഡിറ്റർ, ഇടയൻ**



വനം റവന്യൂ വകുപ്പുകൾ കർഷകരോട് ശത്രുക്കളോട് എന്നപോലെ പെരുമാറുകയാണ്. ഇവരെ നിലയ്ക്ക് നിർത്താൻ ഭരണകൂടവും മുഖ്യമന്ത്രിയും അടിയന്തരമായി ഇടപെടണം ബഫർ സോൺ കേസിൽ കോടതിവിധി കർഷകർക്കെതിരെ ആകാതിരിക്കാൻ സർക്കാർ ജാഗ്രത പുലർത്തുകയും വകുപ്പുകളുടെ ഏകോപന ചുമതല മുഖ്യമന്ത്രി നേരിട്ട് നിർവഹിക്കുകയും ചെയ്യണം കർഷകരുടെ ഒരിഞ്ചു ഭൂമി പോലും ബഫർ സോണാക്കാൻ അനുവദിക്കില്ല.

**ജോർജ് കോയിക്കൽ, പ്രസിഡന്റ്, എ.കെ.സി.സി, ഇടുക്കി രൂപത**



മലയോര മേഖലയിലെ കർഷകരെ മുഴുവൻ ആശങ്കയിൽ ആക്കിയിരിക്കുന്ന ബഫർസോൺ ഉത്തരവ് പിൻവലിക്കപ്പെടേണ്ടതാണ്. വന വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ രാജ്യശരാശരിയെക്കാൾ അധികം വനമുള്ള കേരളത്തിൽ ബഫർസോൺ നടപ്പാക്കേണ്ട കാര്യമില്ല.ഈ വിഷയത്തിൽ ജില്ലയിൽനിന്നുള്ള ജനപ്രതിനിധികൾ ആത്മാർത്ഥമായ ഇടപെടലുകൾ നടത്തി ബഫർ സോണിൽ നിന്ന് മലയോര ജനതയെ സംരക്ഷിച്ചു നിർത്തണം.

**അലക്സ് തോമസ്, പസിഡന്റ്, കെ.സി.വൈ.എം, ഇടുക്കി രൂപത**



കേരളത്തിലെ പ്രത്യേകിച്ചു ഇടുക്കി ജില്ലയിലെ ജനങ്ങളുടെ ഉറക്കം കെടുത്തുന്ന പദമായി മാറിയിരിക്കുന്നു ഇന്നു ബഫർ സോൺ. 2019 ഒക്ടോബർ മാസം 23-ാം തീയതി കൂടിയ മന്ത്രിസഭാ യോഗമാണ് കേരളത്തിൽ വനപ്രദേശത്തിനു ചുറ്റും ഒരു കിലോമീറ്റർ എന്ന തീരുമാനം എടുത്തത്. ഈ മന്ത്രിസഭാ യോഗ തീരുമാനം റദ്ദു ചെയ്യാതെ ഏതൊക്കെ കോടതിയിൽ എത്ര റിട്ടു കൊടുത്താലും ബഫർ സോൺ ഭീഷണിയിൽ നിന്നും മോചനം നേടില്ല ഈ സ്ഥിതിക്ക് മാറ്റം വരണം. ജനങ്ങളുടെ ആശങ്ക മാറി സമാധനമായി ജീവിക്കാൻ കഴിയണം.

**ഷൈനി, പ്രസിഡന്റ്, മാതൃദീപ്തി, ഇടുക്കി രൂപത**



വന്യജീവി ആക്രമണവും വില തകർച്ചയും മൂലം നട്ടംതിരിയുന്ന മലയോര കർഷകന് ഇരട്ടി പ്രഹരമായി ബഫർ സോൺ മാറിയിരിക്കുകയാണ്. രാഷ്ട്രീയ ഉദ്യോഗസ്ഥ രംഗത്ത് പ്രവർത്തിക്കുന്നവർ വെറും കരിമ്പിൻ ചണ്ടിയുടെ വിലയാണ് കർഷകർക്ക് നൽകുന്നത്. ഭക്ഷ്യ സുരക്ഷയും വിദേശനാണ്യവും നേടിത്തരുന്ന കർഷകനെ വന്യമൃഗങ്ങൾക്കും മൃഗതുല്ല്യരായ വനം വകുപ്പ് ഉദ്യോഗസ്ഥർക്കും അടിയറവു വെക്കുന്ന ബഫർസോൺ പിൻവലിക്കപ്പെടണം.

**തോമസ് മൂലയിൽ, കാഞ്ചിയാർ, കർഷകൻ**



ഇവിടുത്തെ കർഷക സമൂഹം ഒരിക്കലും അതിക്രമിച്ചു കയറിയ ആളുകൾ അല്ല. ഒരുകാലത്ത് നമ്മുടെ നാടിന് ദാരിദ്ര്യത്തിൽ നിന്നും രക്ഷ നേടാൻ വേണ്ടി ഇവിടെ കുടിയിരുത്തിയ ആളുകളാണ്. കാർഷികവൃത്തിയിലൂടെ കേരളത്തിന്റെ പട്ടിണി മാറ്റാൻ അവർക്ക് കഴിയുകയും ചെയ്തു. എന്നാൽ ഇന്ന് അവരെ പരമാവധി കഷ്ടപ്പെടുത്തുക എന്നതാണ് വനംവകുപ്പിന്റെയും മറ്റും ലക്ഷ്യം. കർഷകരുടെ സ്വൈര്യ ജീവിതത്തിന് ഉതകുന്ന ഭൗതിക സാഹചര്യങ്ങൾ രൂപപ്പെടുത്താൻ ഉത്തരവാദിത്വപ്പെട്ടവർ തയ്യാറാകണം.

**ജോർജ്കുട്ടി സെബാസ്റ്റ്യൻ, പ്രസിഡന്റ്, മിഷൻ ലീഗ്, ഇടുക്കി രൂപത**

# ബെനഡിക്ട് പതിനാറാമൻ സഭക്ക് നൽകിയത് ധീരമായ നേതൃത്വം: മാർ ജോൺ നെല്ലിക്കുന്നേൽ



അന്തരിച്ച മുൻ മാർപ്പാപ്പ ആഗോള കത്തോലിക്കാസഭക്ക് നൽകിയത് ധീരമായ നേതൃത്വമായിരുന്നെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസ പ്രമാണങ്ങളിലും ക്രിസ്തീയധാർമികതയിലും ആഴപ്പെട്ട നിലപാടുകൾ സ്വീകരിക്കുന്നതിനും ആ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. 8 വർഷക്കാലമാണ് സഭയ്ക്ക് നേതൃത്വം നൽകിയത് എങ്കിലും ഈ കാലയളവിനുള്ളിൽ തന്റെ പ്രവർത്തനമികവുകൊണ്ട് ലോക ശ്രദ്ധ പിടിച്ചുപറ്റുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. ആഴമേറിയ പാണ്ഡിത്യവും ദൈവശാസ്ത്ര ബോധ്യങ്ങളും ഉള്ള വ്യക്തിയായിരുന്നു പാപ്പാ എന്ന് അദ്ദേഹം അനുസ്മരിച്ചു. പാപ്പായുടെ നിര്യാണത്തെ തുടർന്ന് വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ നടന്ന അനുസ്മരണത്തിലും പ്രാർത്ഥനാ ശുശ്രൂഷയിലും സംബന്ധിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. രൂപതയുടെ വിവിധ ഇടവകകളിൽ നിന്നുള്ള നൂറുകണക്കിന് വൈദികരും സമർപ്പിതരും ഇടവക പ്രതിനിധികളും പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുത്തു. രൂപതാ വികാരി ജനറാൾ മോൺ.ജോസ് പ്ലാച്ചിക്കൽ അനുസ്മരിച്ചു.തുടർന്ന് അദ്ദേഹത്തിന്റെ ജീവിത നാൾവഴികളെ വ്യക്തമാക്കുന്ന ഡോക്യുമെൻററി പ്രദർശിപ്പിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്കും ജപമാല പ്രാർത്ഥനയ്ക്കും ശേഷം മാർ ജോൺ നെല്ലിക്കുന്നേലിന്റെ മുഖ്യകാർമികത്വത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു

# കാർഷിക പ്രശ്നങ്ങളിൽ ആശങ്ക രേഖപ്പെടുത്തി രൂപത പാസ്റ്ററൽ കൗൺസിൽ



ഇടുക്കി ആശങ്കാജനകമായ ഭൂപ്രശ്നങ്ങളാൽ കലുഷിതമാകുന്ന സാഹചര്യത്തിൽ ശാശ്വതമായ പരിഹാരത്തിനായി ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിൽ പ്രമേയം പാസാക്കി. ഏറെനാളുകളായി വലിയ നിയമപ്രശ്നങ്ങളിൽ കുടുങ്ങി ഇവിടത്തെ ഭൂപ്രശ്നങ്ങൾ സങ്കീർണമാവുകയാണ്. ആരോപണ പ്രത്യാരോപണങ്ങൾ കൊണ്ട് രാഷ്ട്രീയനേതൃത്വങ്ങൾ പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കാതെ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞു മാറുന്നു. ഈ സാഹചര്യത്തിൽ സാധാരണക്കാരായ കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനും അനന്തമായ നീളുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ ഉത്തരവാദിത്തവപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് കൗൺസിൽ ആവശ്യപ്പെട്ടു.

ഒപ്പം നിയമപരമായി ഈ പ്രതിസന്ധികളെ അതിജീവിക്കുന്നതിനായി ഒരു വിദഗ്ദ സമിതിക്കും രൂപം നൽകി.ഈ വിഷയത്തിൽ സമയബന്ധിതവും കൃത്യവുമായ നിലപാടുകൾ എടുക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി എ കെ സി സി രൂപത പ്രസിഡന്റ് ശ്രീ ജോർജ് കോയിക്കൽ ചെയർമാൻ ആയ സമിതിക്ക് പാസ്റ്ററൽ കൗൺസിൽ അംഗീകാരം നൽകി. അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ചേർന്ന യോഗം രൂപത മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു.

ബഫർസോൺ ആശങ്കകളും പ്രതിവിധികളും എന്ന വിഷയത്തിൽ ശ്രീ. ജെയിംസ് വടക്കൻ ക്ലാസ് നയിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തിയ രൂപതയുടെ ഇടക്കാല പാസ്റ്ററൽ കൗൺസിൽ നാലുമണിയോടെ സമാപിച്ചു. രൂപതാ വികാരി ജനറൽ മോൺ. ജോസ് പ്ലാച്ചിക്കൽ, രൂപത ചാൻസിലർ റവ. ഡോ തോമസ് പഞ്ഞിക്കുന്നേൽ റവ. ഡോ. മാർട്ടിൻ പൊൻപനാൽ സി. ലിറ്റി ഉപ്പുമാക്കൽ എസ് എ ബി എസ്, ശ്രീ ഷാജി വൈക്കത്ത് പറമ്പിൽ ശ്രീ. ജിജി വട്ടമല, ശ്രീമതി. ഷൈനി മാത്യു മാവേലിൽ എന്നിവർ നേതൃത്വം നൽകി.



*അടിമാലിയിൽ വച്ച് നടന്ന സാരഥി സംഗമം*

# ലഹരി വിരുദ്ധ ക്യാമ്പയിൻ




കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെയും വനിതാ കൗൺസിലിന്റെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ CAN - Campaign Against Narcotics ന്റ ഇടുക്കി രൂപതാതല ഉദ്ഘാടനം എഴുകും വയൽ നിത്യസഹായ മാതാ ദേവാലയത്തിൽ നടത്തപ്പെട്ടു. യൂത്ത് കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ സിജോ ഇലന്തൂർ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡൻറ് ജോർജ് കോയിക്കൽ ഉദ്ഘാടനം ചെയ്തു മുൻ രൂപത ഡയറക്ടർ ഫാദർ ജോർജ് പാട്ടത്തേക്കുഴി മുഖ്യപ്രഭാഷണം നടത്തി. പരിപാടിയുടെ ഭാഗമായി പ്രശസ്ത മജീഷ്യൻ ജോയ്സ് മുക്കുടം നേതൃത്വം നൽകിയ ലഹരിവിരുദ്ധ മാജിക് ഷോയും നടത്തപ്പെട്ടു . പരിപാടികൾക്ക് വനിതാ കൗൺസിൽ ഗ്ലോബൽ കോഡിനേറ്റർ ആഗ്നസ് ബേബി , വനിതാ കൗൺസിൽ രൂപതാ പ്രസിഡന്റ് റിൻസി സിബി, ജന.സെക്രട്ടറി മിനി ഷാജി, യൂത്ത് കൗൺസിൽ ജന.കോഡിനേറ്റർ ആദർശ് മാത്യു എന്നിവർ നേതൃത്വം നല്കി



# പുൽക്കൂടിന്റെ ലാളിത്യം മാതൃകയാക്കണം : മാർ ജോൺ നെല്ലിക്കുന്നേൽ

പുൽക്കൂടിന്റെ ലാളിത്യം മാതൃകയാക്കണമെന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ. പിറവി തിരുനാളിന് ഒരുക്കമായി പണിക്കൻകുടി സെന്റ് ജോൺ മരിയ വിയാനി ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. വിശുദ്ധ കുർബാനയ്ക്കുശേഷം ക്രിസ്തുമസിനോട് അനുബന്ധിച്ച് വിവിധ കലാപരിപാടികൾ നടത്തി. ലാളിത്യമാണ് തിരുപ്പിറവിയുടെ സന്ദേശം. അപരനെ സഹായിക്കുന്നതും അവന്റെ ഇല്ലായ്മകളിലേക്ക് ഇറങ്ങി ചെല്ലാൻ കഴിയുന്നതും വിനീത ഹൃദയത്തോടെ പ്രാർത്ഥിക്കാൻ കഴിയുന്നതും ലാളിത്യമാണ് എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പണിക്കൻകുടി ഇടവകയിൽ ക്രിസ്തുമസിനോടനുബന്ധിച്ച് വചനം മനപാഠമാക്കുന്ന വചന കൊയ്ത്ത് മത്സരത്തിലെ വിജയി കൾക്ക് മെത്രാൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഇടവക വികാരി ഫാ. ടോമി ആനിക്കുഴിക്കാട്ടിൽ പരിപാടികൾക്ക് നേതൃത്വം നൽകി.

*പണിക്കൻകുടി സെന്റ് ജോൺ മരിയ വിയാനി ദൈവാലയത്തിൽ നടന്ന ക്രിസ്തുമസ് തിരുക്കർമ്മങ്ങൾക്ക് അഭി. മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നേതൃത്വം നൽകുന്നു.*

# സാരഥി യൂണിറ്റുകളുടെ വാർഷികവും കുടുംബ സംഗമവും




സാരഥി യൂണിറ്റുകളുടെ വാർഷികവും കുടുംബ സംഗമവും 2023 ജനുവരി എട്ടാം തീയതി വൈകുന്നേരം 5 മണിക്ക് കാൽവരി മൗണ്ട് സെന്റ് ജോർജ് പള്ളി പാരിഷ് ഹാളിൽ വച്ച് നടന്നു. സി.എം.സി കാർമൽ ഗിരി പ്രോവിൻസിന്റെ കീഴിൽ അടിമാലി, ബഥേൽ, കാൽവരി മൗണ്ട്, പാറത്തോട്, തങ്കമണി, തോപ്രാംകുടി എന്നിവിടങ്ങളിലായി 16 സാരഥി യൂണിറ്റുകൾ ആണുള്ളത്. കേരളത്തിലാകമാനം ഉള്ള സാരഥി യൂണിറ്റുകളുടെ സൗഹൃദവലയത്തിൽ അംഗങ്ങളാണ് നമ്മുടെ ഈ 16 സാരഥി യൂണിറ്റുകളും. കാഴ്ചപ്പാട് മാറിയാൽ കഷ്ടപ്പാട് മാറും എന്ന ആശയം മുന്നിൽ കണ്ടുകൊണ്ടാണ് നെടുംകണ്ടം സിയോൺ ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ സാരഥി എന്ന സംഘടന പ്രവർത്തിക്കുന്നത്. 22 വർഷങ്ങൾക്ക് മുൻപ് കെസിബിസിയുടെ കീഴിൽ ഓട്ടോറിക്ഷ ടാക്സി ഡ്രൈവേഴ്സിന്റെ സമഗ്ര വികസനം ലക്ഷ്യംവെച്ച് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു സംഘടനയായി സാരഥി ആരംഭിച്ചു. ജാതി മതം വർഗ്ഗ വർണ്ണ വ്യത്യാസമില്ലാതെ ഡ്രൈവേഴ്സിന്റെ സൗഹൃദവലയം കേരളത്തിൽ ആകമാനം ഉണ്ടാക്കുക, അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം സാധ്യമാക്കുക, ഡ്രൈവേഴ്സിനെ കുറിച്ചുള്ള പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകളും ധാരണകളും ശരിയായുള്ളതാക്കുക, സാമൂഹ്യതിന്മകളെ ഇല്ലാതാക്കുവാൻ ഡ്രൈവേഴ്സിനെ ബോധവൽക്കരിക്കുക, സമൂഹത്തിന്റെ സമഗ്ര വികസനത്തിൽ പങ്കാളിയാക്കുക, തുടങ്ങിയവയാണ് സാരഥിയുടെ ലക്ഷ്യങ്ങൾ. സിഎംസി കാർമൽഗിരി പ്രോവിൻസിൻറെ പ്രോവിൻഷ്യൽ സുപ്പീരിയർ റവ. സി. ആനി പോൾ അധ്യക്ഷത വഹിച്ച യോഗത്തിൽ സാരഥിയുടെ സോണൽ ഡയറക്ടർ റവ ഫാ. സെബാസ്റ്റ്യൻ തെക്കേനത്ത് ഉദ്ഘാടനവും സാരഥി ഡയറക്ടർ ഫാ. സിന്റോ തൊറയൻ മുഖ്യ പ്രഭാഷണവും നടത്തി.

# ബഫർ സോൺ : കർഷക പ്രതിരോധം തീർത്ത് കത്തോലിക്ക കോൺഗ്രസ്



ബഫർ സോൺ കരിനിയമത്തിനെതിരെയും ജില്ലയിലെ ഭൂപ്രശ്നങ്ങൾക്കെതിരേയും കർഷകരെ അണിനിരത്തി കൊണ്ട് വിവിധ കേന്ദ്രങ്ങളിൽ കത്തോലിക്ക കോൺഗ്രസ് ഇടുക്കി രൂപത സമിതിയുടെ നേതൃത്വത്തിൽ കർഷക പ്രതിഷേധ സംഗമവും പ്രതിഷേധ ജ്വാലയും സംഘടിപ്പിച്ചു. ബഫർസോൺ വനത്തിനുള്ളിൽ നിജപ്പെടുത്തുക, വന്യജീവി ആക്രമണം തടയുക, ജില്ലയിൽ നിലനിൽക്കുന്ന നിർമ്മാണ നിരോധന ഉത്തരവ് പിൻവലിക്കുക, കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് തടയുക, നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലവർദ്ധനവ് നിയന്ത്രിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് നടത്തപ്പെടുന്ന കർഷക പ്രക്ഷോഭ പരമ്പരയുടെ ഭാഗമായാണ് സമര പരിപാടികൾ നടത്തപ്പെട്ടത്. കരിമ്പൻ , വാഴത്തോപ്പ്, വാഴവര എന്നീ കേന്ദ്രങ്ങളിൽ നടത്തിയ കർഷക സംഗമം മാർ ജോൺ നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. നാരകക്കാനം, കോവിൽമല പ്രദേശങ്ങളിൽ നടത്തപ്പെട്ട സമരങ്ങൾ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ ഉദ്ഘാടനം ചെയ്തു. മരിയാപുരത്ത് നടന്ന കർഷക സംഗമം രൂപത പ്രസിഡന്റ് ജോർജ് കോയിക്കലും ഉദയഗിരിയിൽ നടന്ന കർഷക പ്രതിഷേധ സമരം രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസിസ് ഇടവക്കണ്ടവും ഉദ്ഘാടനം ചെയ്തു. സമര പരിപാടികൾക്ക് രൂപതാ ജനറൽ സെക്രട്ടറി സിജോ ഇലന്തൂർ, അസ്സി. ഡയറക്ടർ ഫാ.ജിൻസ്കാരക്കാട്ട്, രൂപതാ കമ്മിറ്റി അംഗങ്ങൾ, യൂണിറ്റ് പ്രസിഡന്റുമാർ ഡയറക്ടർമാർ തുടങ്ങിയവർ നേതൃത്വം നല്കി

# ഇടുക്കിയിൽ മെഗാ ക്രിസ്മസ് ആഘോഷം നടത്തി കെ.സി.വൈ.എം



സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഓർമകളുണർത്തുന്ന ക്രിസ്മസ് വേളയിൽ കെ സി വൈ എം ഇടുക്കി രൂപത നോർത്ത് റീജിയന്റെ ആഭിമുഖ്യത്തിൽ ആയിരം ഏക്കറിൽ മെഗാ ക്രിസ്മസ് ആഘോഷം നടത്തി. കരോൾ ഗാന മത്സരത്തിന് ശേഷം ലോകകപ്പ് ഫുട്ബോൾ ഫൈനൽ മത്സരത്തിന്റെ തത്സമയ സംപ്രേഷണവും നടന്നു. കരോൾ മത്സരം,കേക്ക് മേക്കിങ് എന്നീ ഇനങ്ങളിൽ ഇടുക്കി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നും സംഘടനകളിൽ നിന്നായി 100 – ല്പരം മത്സരാർത്ഥികൾ പങ്കെടുത്തു. കഴിഞ്ഞ 3 വർഷമായി നടന്നുകൊണ്ടിരിക്കുന്ന കരോൾ ഗാന മത്സരത്തിൽ സെന്റ് ആന്റണീസ് ചർച്ച് ഇരുമ്പുപാലം ഒന്നാം സമ്മാനമായ 15000 രൂപയുടെ ക്യാഷ് അവാർഡ് കരസ്തമാക്കി. രണ്ടാം സമ്മാനമായ 10000 രൂപ സെന്റ് ജേക്കബ്സ് ചർച്ച് ബഥേലും, മൂന്നാം സമ്മാനമായ 5000 രൂപ അടിമാലി കെസിവൈഎം യൂണിറ്റും നേടി.കേക്ക് മേക്കിങ് മത്സരത്തിൽ സുജ ആൽപ്പാറ ഒന്നാം സ്ഥാനവും, മഞ്ജു സോണി ഇല്ലക്കൽ, ഷിജി ജോസഫ് കത്തിപ്പാറ എന്നിവർ 2,3 സ്ഥാനങ്ങൾ കരസ്തമാക്കി. കെസിവൈഎം ഇടുക്കി രൂപത പ്രസിഡന്റ് അലക്സ് തോമസ് ഉദ്ഘാടനം ചെയ്ത പൊതുസമ്മേളനത്തിൽ ഇടുക്കി രൂപത വികാരി ജനറാൾ വെരി. റവ. മോൺ. ജോസ് പ്ലാച്ചിക്കൽ വിശിഷ്ടാതിഥിയായിരുന്നു. കെ.സി.വൈഎം ഇടുക്കി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നടുപ്പടവിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കെ സി വൈ എം ഇടുക്കി രൂപത നോർത്ത് റീജിയൺ ഡയറക്ടർ ഫാ. ഡോൺ ഇളംപുരയിടം, കെസിവൈഎം ഇടുക്കി രൂപത ജനറൽ സെക്രട്ടറി ആൽബർട്ട് റെജി, മീഡിയ കമ്മീഷൻ ഡയറക്ടർ റവ. ഫാ. ജിൻസ് കാരക്കാട്ട്, ഇടുക്കി രൂപത ആനിമേറ്റർ സി. ലിന്റ് എസ്. എ. ബി. എസ്,നോർത്ത് റീജിയൺ പ്രിസിഡന്റ് സോണി ജോസഫ്, ആയിരമേക്കർ ഇടവക വികാരി റവ.ഫാ. ജോർജ് കരിവേലിക്കൽ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ റവ. ഫാ. തോമസ് പുതുശ്ശേരി, റവ. ഫാ. ജോസഫ് പാലക്കുടി, റവ.ഫാ. ടിനു പാറക്കടവിൽ തുടങ്ങിയവർ പങ്കെടുത്തു.

# ഹൈറേഞ്ചിന്റെ മനം കവർന്ന ദേശീയ വനിതാ വോളിബോൾ മത്സരം സമാപിച്ചു.



മുരിക്കാശേരി പാവനാത്മ കോളേജിൽ വച്ചു നടന്ന ഓൾ ഇന്ത്യ ഇന്റർ സർവ്വകലാശാല വോളിബോൾ ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടിയ SRM IST ചെന്നൈ ടീം കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ റോഷി അഗസ്റ്റിൻ, സ്പീക്കർ ശ്രീ എ. എൻ. ഷംസീർ, പാവനാത്മ കോളേജ് മാനേജർ മോൺ. ജോസ് പ്ലാച്ചിക്കൽ, മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങൾ എന്നിവർക്കൊപ്പം

എം.ജി യൂണിവേഴ്സിറ്റി ആതിഥേയത്വം വഹിച്ച ദേശീയ ഇന്റർ യൂണിവേഴ്സിറ്റി വനിതാ വോളിബോൾ മത്സരം ഇടുക്കി ജില്ലയിലെ ആയിരക്കണക്കിനാളുകളുടെ മനം കവർന്ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ സമാപിച്ചു. ഇന്ത്യയുടെ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്തിയ ആയിരത്തിയിരുന്നുറോളം കായികതാരങ്ങൾക്ക് ഒരു കുറവും കൂടാതെ മത്സരങ്ങളിൽ പങ്കെടുക്കുവാനും വിശ്രമസൗകര്യം ഒരുക്കാനും, ഭക്ഷണം ക്രമീകരിക്കാനും മുരിക്കാശ്ശേരി പാവനാത്മാ കോളേജിന് സാധിച്ചതിൽ ഏറെ അഭിമാനിക്കുന്നുവെന്ന് കേരള ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ അഭിപ്രായപ്പെട്ടു. കായിക കേരളത്തിന് പുത്തൻ പ്രതീക്ഷ നൽകാൻ മലയോര മേഖലയിലെ വോളിബോൾ മാമാങ്കത്തിന് കഴിഞ്ഞുവെന്ന് ബഹു. നിയമസഭാ സ്പീക്കർ ശ്രീ. എ.എൻ. ഷംസീർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അറിയിച്ചു. എം.ജി യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗം പ്രൊഫ. പി.ഹരികൃഷ്ണന്റെ അധ്യക്ഷതയിൽ കൂടിയ സമാപന സമ്മേളനത്തിൽ ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ പതിനായിരക്കണക്കിന് ആളുകളുടെ മനം കുളിർപ്പിക്കാൻ എം.ജി.യൂണിവേഴ്സിറ്റിക്ക് സാധിച്ചതിൽ അഭിമാനിക്കുന്നുവെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കായിക കേരളത്തിന്റെ പുതിയ സ്വപ്നങ്ങൾക്ക് ചിറക് മുളപ്പിക്കാൻ മുരിക്കാശ്ശേരി പാവനാരമാ കോളേജിന് കഴിഞ്ഞ തിൽ സന്തോഷമുണ്ടെന്ന് ഓർഗനൈസിംഗ് സെക്രട്ടറി പ്രൊഫ. ബിനു ജോർജ്ജ് വർഗ്ഗീസ് റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് അറിയിച്ചു. 6-ാം തീയതി വൈകിട്ട് 4.30 ന് ആരംഭിച്ച ഫൈനൽ മത്സരത്തിൽ എസ്.ആർ.എം. യൂണിവേഴ്സിറ്റി ചെന്നൈ, പട്യാലി പഞ്ചാബ് യൂണിവേഴ്സിറ്റിയെ പരാജയപ്പെടുത്തി ഒന്നാം സ്ഥാനം നേടിയെടുത്തു. മൂന്നാം സ്ഥാനം ചണ്ഡിഗഡ് പഞ്ചാബ് യൂണിവേഴ്സിറ്റിയെ പരാജയപ്പെടുത്തി എം.ജി. യൂണിവേഴ്സിറ്റി കോട്ടയം സ്വന്തമാക്കി. വിജയികൾക്ക് ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് സമ്മാനം വിതരണം ചെയ്തു.

# വലിയ കുടുംബങ്ങളുടെ സംഗമം ജീവോത്സവം 2023 സംഘടിപ്പിച്ചു.



പണിക്കൻകുടി വിയാനി ഓഡിറ്റോറിയത്തിൽ ഇടുക്കി രൂപത പ്രോലൈഫ് നേതൃത്വത്തിൽ ജീവോത്സവ് 2023 എന്നപേരിൽ വലിയകുടുംബങ്ങളുടെ സംഗമം നടത്തി. ഫാ. ടോം ലൂക്കാ ആനക്കുഴിക്കാട്ടിൽ അധ്യക്ഷത വഹിച്ച സംഗമം ഫാ. ഗോഡ്സൺ കണ്ണൻപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. 'ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവൻ നൽകുവാനും, അവ സമൃദ്ധമായി നൽകുവാനുമാണ്' എന്ന ഈശോയുടെ തിരുവചനം അനുസരിച്ച് ദൈവദാനമായ മക്കളെ പൂർണ്ണ മനസ്സോടെ സ്വീകരിക്കുന്ന വലിയ കുടുംബങ്ങൾ ദൈവാനുഗ്രഹത്തിന്റെ നിറകുടങ്ങളാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. തങ്ങളുടെ സ്വാർത്ഥതയ്ക്കും ഇഷ്ടത്തിനുമനുസരിച്ച് തങ്ങളിൽ തന്നെ ആശ്രയിച്ചുകൊണ്ട് മക്കളെ സ്വീകരിക്കുന്ന സംസ്കാരമല്ല വേണ്ടതെന്നും ദൈവം തങ്ങളുടെ കുടുംബ ജീവിതത്തിൽ നൽകുവാൻ ആഗ്രഹിക്കുന്ന മുഴുവൻ കുഞ്ഞുങ്ങളെയും ദൈവത്തിലാ ശ്രയിച്ച് സ്വീകരിച്ചു വളർത്തുകയെന്ന വലിയ ദൗത്യമാണ് മാതാപിതാക്കൾ സ്വീകരിക്കേണ്ടതും സംഗമവേദിയിൽ പങ്കെടുത്ത മാതാപിതാക്കളെ കുഞ്ഞുങ്ങളെയും അഭിസംബോധന ചെയ്തുകൊണ്ട് ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ ഓർമ്മപ്പെടുത്തി. സൈക്കോളജിസ്റ്റ് ശ്രീ. ഫിലിപ്പ് ചക്കാത്ര ക്ലാസുകൾ നയിച്ചു. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ യോഗത്തെ അഭിസംബോധന ചെയ്തു. നാലിൽ കൂടുതൽ കുട്ടികളുള്ള മുഴുവൻ കുടുംബങ്ങളെയും സംഗമത്തിൽ ആദരിച്ചു. 2022 ജനിച്ച പുതിയ കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും പ്രത്യേകം സമ്മാനം നൽകി. ഫാ. ടോം ലൂക്ക ആനിക്കുഴിക്കാട്ടിൽ ദിവ്യബലിയർപ്പിച്ചു. നാനൂറോളം കുടുംബങ്ങൾ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി സംഗമത്തിൽ പങ്കെടുത്തു.

## കെ.സി.എസ്.എൽ സംസ്ഥാന കലോത്സവം :

# നേട്ടങ്ങൾ കൊയ്ത് ഇടുക്കി രൂപത

ജനുവരി 13,14 തീയതികളിലായി തിരുവനന്തപുരം നാലാഞ്ചിറ മാർ ഇവാനിയോസ് വിദ്യാനഗറിൽ വച്ചു നടന്ന കേരളാ കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് ( കെ സി എസ് എൽ) സംസ്ഥാന കലോത്സവത്തിൽ ഇടുക്കി രൂപതയ്ക്ക് സുവർണ്ണ നേട്ടം. 3500ലധികം കലാപ്രതിഭകൾ മാറ്റുരച്ച വിവിധ മത്സരയിനങ്ങളിലായി യു.പി വിഭാഗത്തിൽ രണ്ടാം സ്ഥാനവും ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി മൂന്നാം സ്ഥാനവും നേടിക്കൊണ്ടാണ് ഓവറോൾ മൂന്നാം സ്ഥാനം ഇടുക്കിയിലെ പ്രതിഭകൾ കരസ്ഥമാക്കിയത്. യു.പി വിഭാഗത്തിൽ പുത്തൻപാന, ഭക്തിഗാനം(പെൺകുട്ടികൾ), മോണോആക്ട്, സ്റ്റഡി സർക്കിൾ എന്നിവയ്ക്ക് ഒന്നാം സ്ഥാനവും




പരിചമുട്ടിന് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ പ്രസംഗം(മലയാളം), പരിചമുട്ട് എന്നിവയ്ക്ക് രണ്ടാം സ്ഥാനവും കഥാപ്രസംഗത്തിന് മൂന്നാം സ്ഥാനവും ഹയർസെക്കൻഡറി വിഭാഗത്തിൽ ഭക്തിഗാനം(ആൺകുട്ടികൾ), മോണോആക്ട് എന്നിവയ്ക്ക് ഒന്നാം സ്ഥാനവും പ്രസംഗം(മലയാളം), പുത്തൻപാന, പരിചമുട്ട് എന്നിവയ്ക്ക് രണ്ടാം സ്ഥാനവും ഭക്തിഗാനത്തിന്(പെൺകുട്ടികൾ) മൂന്നാം സ്ഥാനവും നേടി. അതോടൊപ്പം പങ്കെടുത്ത എല്ലാ മത്സരങ്ങളിലും മികച്ച ഗ്രേഡുകളും രൂപത കരസ്ഥമാക്കി. 17 സ്റ്റേജുകളിലായി നടന്ന വിവിധ മത്സരങ്ങൾ ഇടുക്കി രൂപതയിലെ 87 കുട്ടികളാണ് മാറ്റുരച്ചത്.

*മലങ്കര കത്തോലിക്കാ സഭ കൂരിയാമെത്രാൻ ഡോക്ടർ ആന്റണി മാർ സിൽവാനോസിൽ നിന്നും കെ.സി.എസ്.എൽ ഇടുക്കി രൂപത ഭാരവാഹികൾ സമ്മാനം ഏറ്റുവാങ്ങുന്നു. വികാരി ജനറാൽ ഡോ. വർക്കി ആറ്റുപുറത്ത് സമീപം.*



*പരിചമുട്ട് 3rd A ഗ്രേഡ്*
*സെന്റ്.തോമസ് യുപി. എസ് ഇരട്ടയാർ.*



*പരിചമുട്ട് 2nd A ഗ്രേഡ്*
*സെന്റ്. തോമസ് എച്ച്. എസ് ഇരട്ടയാർ.*



*പരിചമുട്ട് 2nd A ഗ്രേഡ്*
*സെന്റ്. മേരീസ് എച്ച്. എസ്. എസ് മുരിക്കാശേരി.*



*സ്റ്റഡി സർക്കിൾ 1 st A ഗ്രേഡ്*
*എസ്. എസ്. യു.പി.എസ് നെടുംകണ്ടം*

## സംസ്ഥാന കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയവർ



*കൃപ മരിയ*
*ബഥേൽ*
*പുത്തൻപാന, ഭക്തിഗാനം*



*അൽസ മരിയ*
*വെള്ളയാംകുടി*
*മോണോ ആക്ട്*



*ബ്രിജീന ബിനോഷ്*
*വാഴത്തോപ്പ്*
*മോണോ ആക്ട്*



*അലൻറ് വർക്കി*
*ചെമ്മണ്ണാർ*
*ഭക്തിഗാനം*



*മറയൂർ ഹോസ്പിറ്റലിനോട് അനുബന്ധിച്ച് ഫിസിയോതെറാപ്പിയുടെ പുതിയ യൂണിറ്റ് പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ജിസാ റാണി SD ഉദ്ഘാടനം ചെയ്തു.*




*YES സെന്റ് ജെയിംസ് ബാച്ച് രാജകുമാരി വെച്ച് നടത്തിയ ലഹരി വിരുദ്ധ ക്യാമ്പയിൻ*



*രൂപതാതല പ്രതിഭാ സംഗമത്തിൽ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ട ആഷ്‌ലി തോമസ്, ഏയ്ഞ്ചല ജിജു, നിവിൻ പി ബിനോയ്, എൽബിൻ റെജി എന്നിവർ അഭി. പിതാവിനോടൊപ്പം*




Printed and published by Fr Jins Karakkattu, Owned by Media Commission Diocese of idukki, Bishop's house, Manippara P.O, Karimpan, Idukki-685602, Kerala, Printed at Viani Printings, Viani Road, Ernakulam North P.B.No.3062, Kochi-18 Kerala, India. Published from Christujyothi Pastoral Centre, Editor: